ഹദീസ്

**കെ.സി ജലീൽ പുളിക്കൽ**

# അല്ലാഹുവിനിഷ്ടം സ്ഥിരതയാർന്ന കർമങ്ങൾ

عَنْ عَائِشَةَ رضى الله عنهَا أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : سَدِّدُوا وَقَارِبُوا، وَاعْلَمُوا أَنْ لَنْ يُدْخِلَ أَحَدَكُمْ عَمَلُهُ الْجَنَّةَ، وَأَنَّ أَحَبَّ الأَعْمَالِ إِلَى اللَّهِ أَدْوَمُهَا وَإِنْ قَلَّ (صحيح البخارى)

**ആഇശ(റ)യിൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: "എല്ലാം നേരായ വിധത്തിൽ ചെയ്യുക. അങ്ങനെ ലക്ഷ്യത്തോടടുക്കുക. നിങ്ങളിൽ ആരുടെയും പ്രവർത്തനങ്ങൾ നിങ്ങൾക്ക് സ്വർഗ പ്രവേശം നേടിത്തരാൻ പര്യാപ്തമല്ലെന്ന് നിങ്ങളറിയണം. അല്ലാഹുവിനേറ്റവും ഇഷ്ടം നിങ്ങൾ പതിവാക്കിയ പ്രവൃത്തികളാണ്, അതെത്ര കുറച്ചാണെങ്കിലും" (ബുഖാരി).**

ഓരോ വിശ്വാസിയുടെയും അന്തിമാഭിലാഷം സ്വർഗപ്രവേശമാണ്. അതാണ് സാക്ഷാൽ സൗഭാഗ്യം. പാരത്രിക മോക്ഷത്തിനു വേണ്ടി തന്റെ ജീവനടക്കം എന്തും ത്യജിക്കാൻ സത്യവിശ്വാസി സദാ സന്നദ്ധനായിരിക്കും. കാരണം ശാശ്വത ജീവിതം മരണാനന്തര ജീവിതമാണ്. ക്ഷണികവും നശ്വരവുമായ ഐഹിക ജീവിതത്തിനു വേണ്ടി ശാശ്വതമായ പാരത്രിക ജീവിതം ദുരിതപൂർണമാക്കാൻ ബുദ്ധിയുള്ളവരാരും മുതിരുകയില്ല.

പാരത്രിക ജീവിതത്തിലെ മോക്ഷം ഭൗതിക ജീവിതത്തിലെ കർമങ്ങളെയാണ് ആശ്രയിച്ചു നിൽക്കുന്നത്. ദൈവപ്രീതി മാത്രം ഉദ്ദേശിച്ചാവണം ആ കർമങ്ങളത്രയും.

ഓരോ പ്രവൃത്തിയും അത് എങ്ങനെയാണോ ചെയ്യേണ്ടത് അത് അങ്ങനെത്തന്നെ സന്തുലിതത്വം തെറ്റിക്കാതെ ചെയ്യണം. അസന്തുലിതമായ വളർച്ച അർബുദസമാനമായിരിക്കും. മുൻഗണനാക്രമം ദീക്ഷിച്ചുകൊണ്ടുള്ള സന്തുലിത പ്രവൃത്തികളാണ് വിശ്വാസിയെ അവന്റെ ലക്ഷ്യത്തിലേക്ക് അടുപ്പിച്ചു നിർത്തുന്നത്. പ്രാധാന്യമോ മുൻഗണനാക്രമമോ പരിഗണിക്കാത്ത അസന്തുലിതമായ ആരാധനാ കർമങ്ങൾ വിപരീത ഫലമാണുണ്ടാക്കുക എന്നും ഈ തിരുവചനം സൂചിപ്പിക്കുന്നു.

ഖുർആനിൽനിന്നും നബിചര്യയിൽനിന്നും ഇസ്‌ലാമിനെ ഉൾക്കൊള്ളുന്നതിനു പകരം അതിനെ കേവലം 'ഭക്തിപ്രസ്ഥാന'മായി കാണുമ്പോൾ വൻ വിപത്താണ് അഭിമുഖീകരിക്കേണ്ടിവരിക. മനുഷ്യരിലേക്കിറങ്ങിച്ചെന്ന് അവർ അകപ്പെട്ട മനുഷ്യ നിർമിത പൈശാചിക മാർഗങ്ങളുടെ അപകടം മനസ്സിലാക്കിക്കൊടുക്കേണ്ടവരാണ് വിശ്വാസികൾ. അല്ലാഹുവിന്റെ ദീനാണ് യഥാർഥ മോചനമാർഗമെന്ന് കാണിച്ചുകൊടുക്കാനും അവർ ബാധ്യസ്ഥരാണ്. ഇതാണ് മുസ്‌ലിം ഉമ്മത്തിന്റെ നിയോഗ ദൗത്യമായി ഖുർആൻ അടിവരയിട്ടു പറയുന്നത്.

പക്ഷേ, ഇസ്‌ലാമിക സമൂഹം, സാമൂഹിക രംഗത്തുനിന്ന് മാറിനിന്ന്, ഭൗതികാദർശങ്ങൾക്ക് രംഗം ഒഴിഞ്ഞുകൊടുത്ത്, ഭക്തിയുടെ പരിവേഷത്തിലൂടെ എല്ലാം സാധ്യമാകുമെന്ന് ആശ്വസിച്ച് ഉൾവലിയുന്നതിലപ്പുറം വലിയ വിപത്ത് മറ്റെന്താണുള്ളത്! ഖുർആൻ പറയുന്നു: ''സത്യനിഷേധികൾ അന്യോന്യം ആത്മമിത്രങ്ങളായി സംഘടിതരായി നിലകൊള്ളുന്നവരാണ്. സത്യവിശ്വാസികളും അത് ചെയ്തില്ലെങ്കിൽ ഭൂമിയിൽ വൻ നാശവും കുഴപ്പവുമാണുണ്ടാവുക'' (*അൽഅൻഫാൽ*: 73).

അക്രമത്തിന്റെ മാർഗം സ്വീകരിച്ച തിന്മയുടെ വക്താക്കളെ സമാധാനത്തിന്റെയും നന്മയുടെയും മാർഗത്തിലൂടെ പ്രതിരോധിച്ച് നന്മ സ്ഥാപിച്ചെടുക്കുക എന്ന ദൗത്യനിർവഹണത്തിന് അസാമാന്യ ഉൾക്കരുത്തും സഹനശേഷിയും അനിവാര്യമാണ്. ഈ കരുത്തു പകരാൻ പര്യാപ്തമാകുംവിധമാണ് ഇസ്‌ലാമിലെ ആരാധനാ കർമങ്ങൾ നിശ്ചയിക്കപ്പെട്ടതെന്ന്

ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. ഏകാഗ്ര ചിത്തതയോടെ, മനസ്സാന്നിധ്യത്തോടെ നിർവഹിക്കപ്പെടുന്ന ഈ ആരാധനാ കർമങ്ങൾ, വിശിഷ്യാ ഐഹിക കർമങ്ങൾ, ഓരോരുത്തരും അവരവരുടെ ജോലിയും ചുറ്റുപാടുമനുസരിച്ച് പ്രയാസരഹിതമായി നിർവഹിക്കാൻ കഴിയുന്നതേ ചെയ്യേണ്ടതുള്ളൂ എന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട് (*അൽ മുസ്സമ്മിൽ* അധ്യായം ആദ്യന്തം ശ്രദ്ധിച്ചു വായിക്കുക). ഇത്തരം ഐഹിക കർമങ്ങളിൽ സ്ഥിരമായി ചെയ്യാൻ കഴിയുന്നത് ഏതാണ്, എത്രയാണ് എന്ന് തീരുമാനിച്ച്, അതെത്ര കുറവാണെങ്കിലും, പതിവായി, ചൈതന്യവത്തായി നിർവഹിക്കണം എന്നാണ് ഈ വചനത്തിലൂടെ പ്രവാചകൻ നിർദേശിക്കുന്നത്.

ഒരാവേശത്തിനങ്ങ് ചെയ്ത് പിന്നീട് ഉപേക്ഷിക്കുന്ന സ്വഭാവം ഉണ്ടാകരുത്. അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്വ് പറയുന്നു: നബി(സ) എന്നോട് പറഞ്ഞു; 'അബ്ദുല്ലാ, രാത്രി എഴുന്നേറ്റ് നമസ്കരിക്കുകയും പിന്നീടത് ഉപേക്ഷിക്കുകയും ചെയ്തവനെപ്പോലെ നീ ആകരുത്' (ബുഖാരി, മുസ്‌ലിം). നിരാശയുണ്ടാക്കാനും ആവേശം കുറയാനും ഇടവരുത്തുന്നതെല്ലാം ഖുർആനും സുന്നത്തും നിരുത്സാഹപ്പെടുത്തുന്നതായി കാണാം. ഒരവസരത്തിലും ആവേശക്കുറവില്ലാതെ, സന്മാർഗ പാതയിൽ തളരാതെ, നെറ്റിയിലെ വിയർപ്പോടു കൂടി, സസന്തോഷം ഇഹലോകത്തുനിന്ന് വിടപറയുന്ന സത്യവിശ്വാസികൾ, 'അവരെ അല്ലാഹു ഇഷ്ടപ്പെടുന്നു, അവർ അല്ലാഹുവിനെയും ഇഷ്ടപ്പെടുന്നു.'

അല്ലാഹുവിന്റെ പ്രീതിയും ഔദാര്യവുമില്ലാതെ, സ്വന്തം പ്രവർത്തനങ്ങളുടെ തിണ്ണബലത്തിൽ സ്വർഗപ്രവേശം നേടിക്കളയാമെന്ന വ്യാമോഹം വേണ്ട എന്ന വചനത്തിലെ ഭാഗം ഏറെ പ്രസക്തമാണ്. ഒന്നാലോചിക്കൂ, അല്ലാഹു നമുക്ക് നൽകിയ പ്രത്യക്ഷവും പരോക്ഷവുമായ അനുഗ്രഹങ്ങൾക്ക് വല്ല അതിരുമുണ്ടോ! നമ്മുടെ ശരീരത്തിലെ വിലപ്പെട്ട ഒരവയവം നൽകിയതിന് ജീവിതാന്ത്യം വരെ ആരാധനയിൽ മുഴുകിയാലും പകരമാകുമോ? ഇല്ലെന്നുറപ്പ്. പിന്നെന്ത് ചെയ്യണം? അവന്റെ തൃപ്തി നേടുക. അതു വഴി സ്വർഗം നേടുക. അതിന് അവൻ നിർദേശിച്ച പ്രവർത്തനങ്ങളിലേർപ്പെടുകയേ നിർവാഹമുള്ളൂ. അതിലൂടെ മാത്രമേ ശാശ്വത സ്വർഗം ലഭിക്കൂ. ഇതാണ് ഈ നബിവചനത്തിന്റെ പൊരുൾ.

●